# വിടരേണ്ട മൊട്ടുകൾ



Little kite magazine 2024

St.Antonys HSS Plassanal

# സെന്റ് ആന്റണിസ് എച്ച് എസ്സ് എസ്സ് പ്ലാശനാൽ



1936 ജൂൺ മാസത്തിൽ സെന്റ് ആന്റണീസ് പള്ളിയുടെ ഊട്ടുപുരയിൽ 60 കുട്ടികളുമായി തുടങ്ങിയ മിഡിൽ സ്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്റർ റ്റി. എസ് താളനാനി ആയിരുന്നു.പിന്നീട് ഇത് ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. 1985 ൽ സാം തോമസ് പുളിക്കത്താഴെ എസ്.എസ്. എൽ.സി പരീക്ഷയിൽ പതിമൂന്നാം റാങ്ക് നേടി. 1986 ൽ പാലാ കോർപറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള സ്കൂളുകളിലെ ഏറ്റവും മികച്ച സ്കൂളായി ഈ സ്കൂൾ തിരഞ്ഞെടുക്കപ്പെട്ടു. 1986 ൽകനകജൂബിലി ആഘോഷിച്ച ഹൈസ്കൂൾ 1998–ൽ ഹയർ സെക്കൻഡറിയായി ഉയർത്തപ്പെട്ടു. 2009 മുതൽ ഇംഗ്ളീഷ് മീഡിയം ബാച്ചുകൾ ആരംഭിച്ചു. 2006 ൽ +2 വിഭാഗം വേർതിരിച്ച് ശ്രീ ജോയി തോമസിനെ പ്രിൻസിപ്പലായി നിയമിച്ചു.അദ്ദേഹം റിട്ടയർ ചെയ്തപ്പോൾ ശ്രീ ഷിബി ജോസഫ് പ്രിൻസിപ്പലായി. 2008 മാർച്ച് 31 ന് സ്കൂൾ മൾട്ടിമീഡിയ ഉദ്ഘാടനം ചെയ്യപ്പെട്ടു.ഫാ.ജോർജ്ജ് മുളങ്ങാട്ടിൽ, ശ്രീ ഷിബി ജോസഫ് ,ശ്രീ എം വി ജോർജ്ജുകുട്ടി എന്നിവരുടെ നേതൃത്വത്തിൽ സ്കൂൾ പ്രവർത്തിക്കുന്നു.പാലാ രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന കോർപ്പറേറ്റ് എഡ്യൂക്കേഷനൽ ഏജൻസിയുടെ കീഴിലാണ് സ്ക്കൂൾ പ്രവർത്തിക്കുന്നത്. ഈ ഏജൻസിക്കു കീഴിൽ 41 ഹൈസ്ക്കൂളുകളും 15 ഹയർ സെക്കൻഡറി സ്ക്കൂളുകളും പ്രവർത്തിക്കുന്നു.

## CHIEF EDITORS

SIMI JOSEPH

SR DENCY

## STUDENT EDITORS

JEWEL ALPHONS SAJI

CHRISTO S

SHARON THOMAS

ATHUL ROBI

JERIN JIJO

JOSEPH AUGUSTINE



**Revenue District**

Kottayam

**Education District**

Pala

**Sub-District**

Pala

**Head master**

Sri.Jameskutty Kurian

**L.K Master's**

Simi Joseph
Sr.Dency Paul

**P.T.A President**

Sojan K Joseph

# ആശംസകളോടെ....

പ്ലാശനാൽ സെൻ്റ് ആൻ്റണീസ് ഹയർ സെക്കൻഡറി സ്കൂളിലെ Little Kites വിദ്യാർത്ഥികളുടെ സർഗാത്മക വാസനകളുടെ പ്രതിഫലനമാണ് വിടരേണ്ട മൊട്ടുകൾ എന്ന DIGITAL MAGAZINE ലൂടെ അതിരുകൾ ഭേദിക്കുന്നത് .



ബാല്യകൗമാരങ്ങളുടെ സുകുമാര സ്വപ്നങ്ങളുടെ ആവിഷ്കാരമാണ് ഈ വിശാലമായ ഉണർവ്. മണ്ണപ്പം ചുട്ടും മഞ്ചാടിക്കുരു പെറുക്കികളിച്ചും പരൽമീൻ പിടിച്ചും രസിച്ചിരുന്ന കുരുന്നുകൾ ഇന്ന് സാങ്കേതികതയുടെ വിശാലമായ ലോകത്താണ്. ഈ രണ്ടു ലോകവും സമന്വയിപ്പിക്കുന്ന മഹനീയ കർമ്മമാണ് വിടരേണ്ട മൊട്ടുകൾ എന്ന MAGAZINE. വിദ്യാർത്ഥിക്കളാകാൻ മോഹിച്ച് കലാലയത്തിൻ്റെ തിരുമുറ്റത്തെത്തുന്ന കുരുന്നുകൾ digital തുലികകൊണ്ട് മായാ പ്രപഞ്ചം സൃഷ്ടിക്കുന്നു. ഈ സംരംഭത്തിന് ചുക്കാൻ പിടിച്ച Simi Joseph, Sr Dency Paul ടീച്ചർക്കും കൊച്ചു കലാ പ്രതിഭകൾക്കും Little Kites കൂട്ടുകാർക്കും എൻ്റെ ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ. 21-ാം നൂറ്റാണ്ടിൻ്റെ പടവുകൾ ചവിട്ടിക്കയറാൻ വെമ്പുന്ന ഈ കലാകാരൻമാർക്ക് പുതിയ പുതിയ ചക്രവാളങ്ങൾ കീഴടക്കി മുന്നേറാൻ സാധിക്കട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

Sd/-

Sri. Jameskutty Kurian



“മദ്യം വിഷമാണ്, അത്
ഉണ്ടാക്കരുത്,
കൊടുക്കരുത്,കുടിക്കരുത് "

–ശ്രീ നാരായണഗുരു

"Alcohol is bane: Abstain from
making,
serving or consuming it".

- Sri.Narayana Guru

# ലഹരി ഉപേക്ഷിക്കുക



## ചികിത്സ രീതി

അഡിക്ഷൻ സങ്കീർണമാണെങ്കിലും ചികിത്സ സാധ്യമാണ്
രോഗി പെട്ടെന്ന് ചികിത്സ തേടേണ്ടതാണ്.

ഒറ്റയ്ക്കുള്ള ചികിത്സ എല്ലാവരിലും ഫലവത്തല്ല

കൂടുതൽ കാലത്തോളം ചികിത്സയിൽ കഴിയുന്നതും

സങ്കീർണമാണ്.
ഈ അസുഖത്തിന് ലഭ്യമാണ്.
ഇതിനോടൊപ്പം മരുന്നുകളും ഉപയോഗിച്ച് ചികിത്സ
നടത്തുന്നു.

# എങ്ങനെ നിയന്ത്രിക്കാം



എങ്ങനെ
നിയന്ത്രിക്കാം

ജീവിതത്തിനെ
ആനന്ദകരമാക്കുക
മാനസിക പ്രശ്നങ്ങൾക്ക്
സഹായം തേടുക

വിലയിരുത്തുക

സമപ്രായക്കാരുമായി
വിനോദത്തിലേർപ്പെടുക
ജീവിതം നല്ല രീതിയിൽ
ബാലൻസ് ചെയ്യുക



# ചികിത്സ രീതി



ചികിത്സ രീതി

അഡിക്ഷൻ സങ്കീർണമാണെങ്കിലും ചികിത്സ സാധ്യമാണ്
രോഗി പെട്ടെന്ന് ചികിത്സ തേടേണ്ടതാണ്.
ഒറ്റയ്ക്കുള്ള ചികിത്സ എല്ലാവരിലും ഫലവത്തല്ല
കൂടുതൽ കാലത്തോളം ചികിത്സയിൽ കഴിയുന്നതും സങ്കീർണമാണ്
കൗൺസിലിംഗും behaviour therapies ഉം ഈ അസുഖത്തിന് ലഭ്യമാണ്.
ഇതിനോടൊപ്പം മരുന്നുകളും ഉപയോഗിച്ച് ചികിത്സ നടത്തുന്നു.



ഇങ്ങനെയുള്ള ചേത ശീലങ്ങളിൽ നിന്ന് മാറ്റി നിർത്താൻ ശ്രമിക്കണം. ഒരിക്കൽ മദ്യപാനം നിർത്തിയിരുന്നാലും വീണ്ടും കഴിക്കണം എന്ന ചിന്ത ഉണ്ടാവാൻ സാധ്യതയുണ്ട് അതുകൊണ്ട് ചിട്ടയായ രീതിയിൽ മാത്രമേ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അഡിക്ഷൻ മാറ്റാൻ സാധിക്കുകയുള്ളൂ.

ഇന്ത്യയിൽ അമ്പതുലക്ഷത്തിൽപ്പരം ആളുകൾ മയക്കുമരുന്നിന് അടിമകളായിത്തീർന്നിട്ടുണ്ടെന്നാണ് ഏകദേശമായ ഒരു കണക്ക്. അതു പോലെ രാജ്യത്തുനടക്കുന്ന പലഅക്രമസംഭവങ്ങൾക്കു പിന്നിലും മയ ക്കുമരുന്നിന്റെ സ്വാധീനം കണ്ടെത്തിയിട്ടുണ്ട്.

സമ്പന്നരാഷ്ട്രങ്ങളിലായിരുന്നു അമിതമായമയക്കുമരുന്നിന്റെ ഉപ ഭോഗം ഉണ്ടായിരുന്നത്. എന്നാലത് ഇന്ത്യയിലും വ്യാപകമായിക്കഴിഞ്ഞു. യുവാക്കളെയാണ് മയക്കുമരുന്ന് ഏറെ ആകർഷിക്കുന്നത്. പുകവലിയിൽ നിന്നാണ് ഈ ദുശ്ശീലം ആരംഭിക്കുന്നത്. പുകവലിക്കാർ ക്രമേണ മദ്യ ത്തിന് അടിമകളായിത്തീരും. കുറേക്കഴിയുമ്പോൾ കൂടുതൽ ലഹരിയുടെ ലോകത്തെത്തുന്നതിനുവേണ്ടി അവർ മയക്കുമരുന്നിനെ ആശ്രയി ക്കുന്നു.

മയക്കുമരുന്ന് ഉപയോഗിക്കുന്നവർക്ക് അതിൽനിന്ന് മുക്തിനേടാൻ ഒരുപാട് ബുദ്ധിമുട്ടാണ്, കാരണം മനുഷ്യ ശരീരത്തിന്റെ പല അവയവങ്ങളെയും ആസ്വദിപ്പിച്ചും സുഗിപ്പിച്ചും ഇല്ലായ്മ ചെയ്യുക എന്നതാണ് മയക്കുമരുന്നുകളുടെ ലക്ഷ്യം. മയക്കുമരുന്ന് ഉപയോഗിക്കുന്ന ആൾക്ക് അത് തെറ്റാണ് എന്നൊരു ചിന്താഗതി ഉണ്ടാവുകയില്ല അവർ ചെയ്യുന്നതെല്ലാം ശരിയാണെന്ന ഒരു തോന്നൽ മാത്രമായിരിക്കും ഉള്ളിലുണ്ടാവുക. മയക്കുമരുന്നുകൾ പലവിധമുണ്ട് പലതിനും അടിമകളായ ഒരുപാട് പേര് നമുക്ക് ച്ചുറ്റുമുണ്ട്. ഇന്ന് കേരളത്തിലും കേരളത്തിന് പുറത്തുമായി ഒരുപാട് മയക്കുമരുന്ന് കച്ചവടക്കാരുണ്ട് അവരെല്ലാം നമ്മുടെ സമൂഹത്തെ നശിപ്പിക്കുകയാണ്, ചെറിയ കുട്ടികളിൽ വരെ ഇന്ന് മയക്കുമരുന്നിന്റെ അഡിക്ഷൻ കാണിക്കുന്നു മാതാപിതാക്കൾ ശ്രദ്ധിക്കാതെ വളർന്ന് വരുന്ന കുട്ടികളും ഇങ്ങനെയുള്ള ചതിക്കുഴികളിൽ ചെന്ന് ചാടുകയാണ് അതുകൊണ്ട് പരമാവധി കുട്ടികളെ



# ലഹരി വസ്തുക്കൾ



മയക്കമരുന്ന് ഉപയോഗിക്കുന്നവർക്ക് അത് കിട്ടാതെ വരുമ്പോൾ അവരുടെ സ്വഭാവത്തിൽ പല മാറ്റങ്ങളും ഉണ്ടാവുന്നു മോശമായ ചിന്തകൾ വർധിക്കുന്നു, പിച്ചും പേയും പറഞ്ഞിരിക്കുകയും ചിരിക്കുകയും കരയുകയും ചെയ്യുന്ന പ്രവർത്തികളിൽ മുഴുകി അവസാനം ലഹരി പദാർത്ഥങ്ങൾ ഇല്ലാതെ ജീവിക്കാൻ സാധിക്കില്ല എന്നൊരു അവസ്ഥയിലേക്കെത്തുന്നു അത് പിന്നീട് മരണത്തിലേക്ക് വരെ കൊണ്ടെത്തിക്കും. കണ്ണുകളിൽ ചുവപ്പ് നിറയുന്നു കലങ്ങിയ കണ്ണുകളും സംസാരത്തിലെ കുഴച്ചിലും നടക്കുമ്പോൾ ഉണ്ടാവുന്ന ചാഞ്ചല്യവും മയക്കമരുന്നുകൾ ഉപയോഗിക്കുന്നവരിൽ കണ്ട് വരുന്ന മാറ്റങ്ങളാണ്. പലരും പല വിധത്തിലുള്ള മയക്കമരുന്നുകളാണ് ഉപയോഗിക്കുന്നത് അതുകൊണ്ട് പലതിനും പല മാറ്റങ്ങളാണ് ഉണ്ടാവുക മദ്യപാനികളിൽ ഉണ്ടാവുന്ന മാറ്റങ്ങളായിരിക്കില്ല കഞ്ചാവ് വലിക്കുന്നവർക്ക് എന്നാൽ ഇവയുടെ എല്ലാം അവസാനം നരക തുല്യമായ മരണം മാത്രമാണെന്ന് ഉള്ളതാണ് സത്യം. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കൂടിയാൽ കാൻസർ വരുകയും ചികിത്സയില്ലാതെ മരണം സംഭവിക്കുകയും ചെയ്യുന്നു.

മദ്യപാനവും ലഹരിയും നിങ്ങളെ എപ്പോഴും അടിമയാക്കാൻ ശ്രമിച്ചുകൊണ്ടേ ഇരിക്കും അതുകൊണ്ട് പരമാവധി അങ്ങനെ ലഹരി വിളമ്പുന്ന പരിപാടികളിലോ ചടങ്ങുകളിലോ പങ്കെടുക്കാതെ ഇരിക്കാൻ ശ്രമിക്കുക. സ്വയം മനസിലാക്കുക നമുക്ക് ഇനിയും ജീവിതമുണ്ടെന്നും മറ്റുള്ളവർക്ക് ഉപദ്രവമാവാതെ ഇരിക്കാൻ ശ്രമിക്കണം എന്നെല്ലാമുള്ള നല്ല കാര്യങ്ങളെ കുറിച്ച് ആലോചിച്ച് സ്വയം വിലയിരുത്തുക. മദ്യപിക്കാനോ ലഹരി ഉപയോഗിക്കാനോ തോന്നുന്ന സമയങ്ങളിൽ മറ്റേതെങ്കിലും കാര്യങ്ങളിൽ ഏർപ്പെടണം അതിനുവേണ്ടി സ്വന്തം സൗഹൃദങ്ങൾ ഉപയോഗിക്കാം പക്ഷെ മോശമാവാത്ത തരത്തിൽ ആവണം എന്നുമാത്രം. ഇന്ന് കേരളത്തിൽ നിരവധി D Addiction സെന്ററുകൾ ഉണ്ട് അവരും നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണും അതുകൊണ്ട് സ്വയം ബോധവാനായി നിന്നുകൊണ്ട് നിങ്ങളുടെ ജീവിതത്തെ സംരക്ഷിക്കാൻ സാധിക്കും

ലഹരിയും തലച്ചോറും

ഏതൊരു ലഹരി പദാർത്ഥവും തലച്ചോറിലെ Chemical meassging system തകരാറിലാക്കുന്നു. എന്നാൽ ലഹരിയുടെ വകഭേദങ്ങൾക്കനുസരിച്ച് തലച്ചോറിനെ ബാധിക്കുന്ന രീതിയിൽ വ്യത്യാസം വരാം. അതിസങ്കീർണമായ ഘടനയാണ് തലച്ചോറിനുള്ളത്. ഈ ഘടനയിലേക്ക് ലഹരി പദാർത്ഥങ്ങൾ എത്തിച്ചേരുമ്പോൾ റിഫ്ലക്സ് പ്രവർത്തങ്ങൾ താറുമാറാകുന്നു. തുടർന്ന് ഓർമ്മക്കുറവ്, ഉത്കണ്ഠ, തുടങ്ങിയ മാനസിക സംഘർഷങ്ങൾ മുതൽ മസ്തിഷ്ക ആഘാതം വരെ സംഭവിച്ചേക്കാം.



# ലഹരിയുംതലച്ചോറും



ലഹരി വസ്തുക്കൾ ഏറ്റവും കൂടുതൽ ബാധിക്കുന്നത് തലച്ചോറിനെയാണ്. കൃത്യമായ ചികിത്സ ലഭ്യമായില്ല എങ്കിൽ ഈ രോഗം തലച്ചോറിനെ പ്രതികൂലമായി ബാധിക്കും.

ഏതൊരു ലഹരി പദാർത്ഥവും തലച്ചോറിലെ Chemical meassging system തകരാറിലാക്കുന്നു. എന്നാൽ ലഹരിയുടെ വകഭേദങ്ങൾക്കനുസരിച്ച് തലച്ചോറിനെ ബാധിക്കുന്ന രീതിയിൽ വ്യത്യാസം വരാം. അതിസങ്കീർണമായ ഘടനയാണ് തലച്ചോറിനുള്ളത്. ഈ ഘടനയിലേക്ക് ലഹരി പദാർത്ഥങ്ങൾ എത്തിച്ചേരുമ്പോൾ റിഫ്ലക്സ് പ്രവർത്തങ്ങൾ താറുമാറാകുന്നു. തുടർന്ന് ഓർമ്മക്കുറവ്, ഉത്കണ്ഠ, തുടങ്ങിയ മാനസിക സംഘർഷങ്ങൾ മുതൽ മസ്തിഷ്ക ആഘാതം വരെ സംഭവിച്ചേക്കാം.

# കേരളം പറയുന്നു: അരുത് ലഹരി ...



## ലഹരിവസ്തുക്കളുടെ ഉപയോഗം; അപകടസാധ്യതകൾ തിരിച്ചറിഞ്ഞ് ജീവിതം തിരികെപിടിക്കാം......




മയക്കുമരുന്നും മദ്യപാനവും ഒരു ആസക്തിയാണ്, അത് ഒരു സാമൂഹിക ശാപമാണ്. മയക്കുമരുന്ന് ഒരാളുടെ ജീവിതത്തിലെ ഒരു ദുരുപയോഗമാണ്, നിങ്ങൾ ഒരിക്കൽ മയക്കുമരുന്ന് ഉപയോഗിക്കാൻ തുടങ്ങിയാൽ അത് ഉപേക്ഷിക്കാൻ പ്രയാസമാണ്. മദ്യത്തിന്റെ കാര്യവും അങ്ങനെതന്നെ. മയക്കുമരുന്നിന്റെ ചില ദോഷകരമായ ഫലങ്ങൾ മനുഷ്യ ശരീരത്തിന് മാരകമായ ദോഷം ചെയ്യും എന്നതാണ്. മയക്കുമരുന്നിന് അടിമയായ തന്റെ ജീവിതത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം എന്താണെന്ന് അറിയില്ല. നിങ്ങളുടെ കുടുംബത്തെ ബാധിക്കുന്നത് നിങ്ങളുടെ ആസക്തിയുടെ ഇരയാണ്. മയക്കുമരുന്ന് സാമൂഹിക പിന്മാറ്റത്തിനും മറ്റ് മാനസിക വൈകല്യങ്ങൾക്കും കാരണമാകും. മയക്കുമരുന്ന് നിയന്ത്രണം പ്രധാനമാണ്, ശക്തമായ ശിക്ഷാ മരുന്നുകൾ, മയക്കുമരുന്ന് ജയിലിൽ അടയ്ക്കൽ, അത്തരം ആളുകൾക്ക് പട്രോളിംഗ്, അച്ചടി, സോഷ്യൽ മീഡിയ എന്നിവയിലൂടെ അവബോധം വളർത്തുക. മറ്റുള്ളവരെ ഈ മോശം ശീലത്തിലേക്ക് കൊണ്ടുവരുന്നത് കാണുമ്പോൾ അവരെ തടയേണ്ടത് എല്ലാവരുടെയും ഉത്തരവാദിത്തമാണ്.



# കഞ്ചാവ്

കാന്നബിസ് (ലാറ്റിൻ ഭാഷയിൽ നിന്ന് ഉത്ഭവം) ഗണത്തിൽപ്പെടുന്ന പുഷ്പിക്കുന്ന ചെടിയാണ് കഞ്ചാവ്. കന്നബിസ് ഇൻഡിക്ക, കന്നബിസ് സറ്റൈവ, കന്നബിസ് റുഡെറലിസ് എന്ന മൂന്ന് ഉപവർഗ്ഗങ്ങളിൽ കാണുന്നു. ഈ ചെടി കൂടുതൽ കാണപ്പെടുന്നത് ഏഷ്യൻ ഭൂഖണ്ഡത്തിലാണ്. ഇത് ഒരു ഔഷധമായും ലഹരി പദാർത്ഥമായും ഉപയോഗിക്കുന്നു.

കാന്നാബിസ് ഇൻഡിക്ക എന്ന കഞ്ചാവ് ചെടിയെ സംസ്കൃതത്തിൽ ഗഞ്ചിക എന്നാണ് വിളിക്കുന്നത്. നേപ്പാളിലും മറ്റും ഇത് ഗഞ് ആണ്. ഇവയിൽ നിന്നാണ് മലയാളത്തിലെ കഞ്ചാവ് എന്ന വാക്ക് ഉണ്ടായത്. കഞ്ചാവ് ചെടിയിൽ നിന്നുല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് കഞ്ചാവ് എന്ന പേരിന് പുറമെ ഗ്രാസ്, പുല്ല്, വീഡ്, സ്വാമി, ഗുരു, ജോയിന്റ്, മാരുവ്വാന (marijuana) എന്നീ പേരുകളിലും പ്രാദേശികമായി വിളിക്കപ്പെടുന്നുണ്ട്.[1]

കഞ്ചാവിന്റെ ഉപയോഗം മഹാശിലായുഗത്തോളം പഴക്കമുള്ളതാണ് എന്നതിന് തെളിവുകൾ ലഭിച്ചിട്ടുണ്ട്. ഏറ്റവും പഴക്കമുള്ള കഞ്ചാവ് ഉപയോക്താക്കൾ പുരാതന ഇന്ത്യയിലെ 'ഇന്റോ ആര്യന്മാരും' പിന്നെ ഹഷാഷിനുകളുമായിരുന്നു. പല പുരാതന ആയുർവ്വേദഗ്രന്ഥങ്ങളിലും കഞ്ചാവ് മാനസികാസ്വാസ്ഥ്യങ്ങൾക്കുള്ള ഒരു ഔഷധമായി ഉപയോഗിച്ചിരുന്നതായി പറയുന്നു. പുരാതന ഭാരതത്തിൽ ഈ ചെടി പല താന്ത്രിക മാന്ത്രിക ചടങ്ങുകളിൽ ഉപയോഗിച്ചിരുന്നതിനാൽ ഇതിൽ നിന്ന് ലഭിക്കുന്ന ലഹരിക്ക് ഒരു ദൈവിക മാനം കൂടിയുണ്ടായിരുന്നു. സോമ എന്ന പാനീയം ഉണ്ടാക്കുന്നതിൽ കഞ്ചാവ് ഉപയോഗിച്ചിരുന്നതായി കരുതുന്നു. പുരാതന ചൈനയിലും ഈജിപ്റ്റിലും ഇതൊരു ഔഷധമായി ഉപയോഗിച്ചിരുന്നതായി രേഖകളുണ്ട്. ഈ ചെടിയിൽ നിന്ന് ലഭിക്കുന്ന വളരെ ബലമുള്ള നാരിന് പല ഉപയോഗങ്ങളും ഉണ്ടായിരുന്നത്രെ[2]ഇൻഡോ–ആര്യന്മാരിൽ നിന്ന് അസ്സീറിയൻ സൈത്യരും ഡ്രൂകിയന്മാരും ഇത് സ്വായത്തമാക്കി. അവർക്കിടയിലെ ഷാമാൻ എന്ന വൈദ്യ–പുരോഹിതന്മാർ കഞ്ചാവ് പുകച്ച് മായികലോകം സൃഷ്ടിച്ചിരുന്നു.





# MDMA

ക്രിസ്റ്റൽ രൂപത്തിലുള്ള മെത്തലിൻ ഡയോക്സിൻ മെത്താഫെറ്റാമിൻ എന്ന എംഡിഎംഎ യുവാക്കൾക്കിടയിൽ പല പേരുകളിലും അറിയപ്പെടുന്നുണ്ട്. ഐസ് മെത്ത്, കല്ല്, പൊടി, കൽക്കണ്ടം , ക്രിസ്റ്റൽ മെത്ത്, ഷാബു, ക്രിസ്റ്റൽ, ഗ്ലാസ്, ഷാർഡ് , ബ്ലൂ, ഐസ്, ക്രിസ്റ്റൽ ,സ്പീഡ് തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന വസ്തുവും ഇതുതന്നെ. അപൂർവ്വമായി മാത്രം ലഭിക്കുന്ന ഈ മയക്കുമരുന്നിന് ഇന്ത്യൻ വിപണിയിൽ ലക്ഷങ്ങളാണ് മതിപ്പുവില. രാജ്യാന്തര വിപണിയിൽ കോടികളും. കമലഹാസൻ്റെ പുതിയ ചിത്രമായ വിക്രത്തിൽ സന്താനം എന്ന കഥാപാത്രമായി അഭിനയിക്കുന്ന വിജയ് സേതുപതി ഉപയോഗിക്കുന്നതായി കാണിക്കുന്നത് ഈ കൊടും ഭീകരനെയാണ്.

നിശാ പാർട്ടികളിലും മറ്റും തളരാതെ ദീർഘനേരം സജീവമായിരിക്കാനും , തുടർച്ചയായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നതിനും സഹായിക്കുന്ന ലഹരി വസ്തുവെന്ന നിലയ്ക്കാണ് എംഡിഎംഎ എന്ന മെത്ത് കുപ്രസിദ്ധമായത്. ലഹരി വസ്തുക്കൾ സ്ഥിരമായി ഉപയോഗിക്കുന്നവർ ഏറ്റവും കൂടുതലായി ആവശ്യപ്പെടുന്ന
ലഹരി പദാർത്ഥം കൂടിയാണ് ഇത്. ഉപയോഗിച്ചു തുടങ്ങിയാൽ മറ്റ് ലഹരി വസ്തുക്കളേക്കാൾ പതിന്മടങ്ങ് അപകടകാരിയാണിവ. അതിവേഗം നാഡീഞരമ്പുകളെ ഉത്തേജിപ്പിക്കും. കയ്പ്പു നിറഞ്ഞ രുചിയുള്ള ഈ ഡ്രഗ്സ് വെള്ളത്തിൽ പെട്ടെന്ന് അലിഞ്ഞു ചേരുന്നവയുമാണ്.





# ബ്രൗൺ ഷുഗർ

ബ്രൗൺ ഷുഗർ ഭീഷണികൾ ഹെറോയിൻ അവതരിപ്പിക്കുന്ന പല അപകടങ്ങൾക്കും സമാനമാണ്. പലപ്പോഴും ബ്രൗൺ ഷുഗർ ദുരുപയോഗം ചെയ്യുന്നവർ മരുന്നിനെ ആശ്രയിക്കുന്നു, തൽഫലമായി, ഉപയോഗത്തിന് ഏതാനും മണിക്കൂറുകൾക്ക് ശേഷം അവർക്ക് തീവ്രമായ പിൻവലിക്കൽ ലക്ഷണങ്ങൾ ഉണ്ടാകാൻ തുടങ്ങും.

പ്രത്യേകിച്ചും, ബ്രൗൺ ഷുഗർ ദുരുപയോഗത്തെ ചുറ്റിപ്പറ്റിയുള്ള ചില ഭീഷണികൾ ഇവയാണ്:

ഭാരനഷ്ടം
വിശപ്പില്ലായ്മ
ഉറക്കമില്ലായ്മ
ക്ഷോഭം
ഏകാഗ്രതയുടെ അഭാവം
വിഷാദവും നിരാശയും

പിന്മാറല് ലക്ഷണങ്ങള്
നിങ്ങൾക്ക് കാണാനാകുന്നതുപോലെ, ബ്രൗൺ ഷുഗർ ശരീരത്തിൽ ഒരു ടോൾ എടുക്കുന്നു. ഈ രീതിയിൽ നിങ്ങളെ ബാധിക്കുന്നതെന്തും, അത് ശരീരത്തിൽ നിരവധി പ്രതികൂല ഫലങ്ങൾ ഉണ്ടാക്കും.

അത് അതിൻ്റെ ടോൾ എടുക്കുകയും നിങ്ങൾ ഉപയോഗിക്കുന്നത് നിർത്താൻ ശ്രമിക്കുകയും ചെയ്യുമ്



# What are the 4 stages of addiction?



## മയക്കുമരുന്ന് ആസക്തിയുടെ ഘട്ടങ്ങൾ

### ഘട്ടം 1: പരീക്ഷണം

നിഷേധാത്മകമായ സാമൂഹികമോ നിയമപരമോ ആയ പ്രത്യാഘാതങ്ങൾ അനുഭവിക്കാതെ സ്വമേധയാ മയക്കുമരുന്ന് ഉപയോഗിക്കുന്നതിനെയാണ് പരീക്ഷണം എന്ന് നിർവചിച്ചിരിക്കുന്നത്. പലർക്കും, ഒന്നോ അതിലധികമോ തവണ "ആസ്വദിച്ചിരിക്കാൻ" അല്ലെങ്കിൽ ഒരു പ്രശ്നത്തെ നേരിടാൻ വ്യക്തിയെ സഹായിക്കുന്നതിനുള്ള ഒരു മാർഗമായി പരീക്ഷണം നടന്നേക്കാം. പലർക്കും, മരുന്ന് ഉപയോഗിക്കുന്നത് തുടരാനുള്ള ആഗ്രഹമില്ലാതെ പരീക്ഷണം സംഭവിക്കാം. മറ്റുള്ളവർക്ക്, ആസക്തിയുടെ അടുത്ത ഘട്ടത്തിലേക്ക് നീങ്ങുമ്പോൾ ഇത് ഒരു പ്രശ്നമായി മാറാൻ തുടങ്ങും: പതിവ് ഉപയോഗം.

### ഘട്ടം 2: പതിവ് ഉപയോഗം

ചില ആളുകൾക്ക് ആശ്രിതത്വമോ ആസക്തിയോ ഉണ്ടാകാതെ സ്ഥിരമായ ഉപയോഗത്തിൻ്റെ ഘട്ടത്തിലേക്ക് പ്രവേശിക്കാൻ കഴിയും. ഇത്തരക്കാർക്ക് സ്വയം മയക്കുമരുന്ന് ഉപയോഗം നിർത്താൻ കഴിയും. ഈ ഘട്ടത്തിൽ ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിനുള്ള സാധ്യത വളരെയധികം വർദ്ധിക്കുന്നു എന്നതാണ് പതിവ് ഉപയോഗത്തിൻ്റെ പ്രശ്നം. സ്വാധീനത്തിൽ വാഹനമോടിക്കുക, വിശദീകരിക്കാനാകാത്ത അക്രമം, വിഷാദത്തിൻ്റെയും ഉത്കണ്ഠയുടെയും ലക്ഷണങ്ങൾ തുടങ്ങിയ അപകടകരമായ പെരുമാറ്റങ്ങളും ഇത് വർദ്ധിപ്പിക്കുന്നു.

## ഘട്ടം 3: അപകടകരമായ ഉപയോഗം/ദുരുപയോഗം

പതിവ് ഉപയോഗവും അപകടസാധ്യതയുള്ള ഉപയോഗവും/ ദുരുപയോഗവും തമ്മിലുള്ള രേഖ വളരെ നേർത്തതാണ്, എന്നാൽ ഗുരുതരമായ സാമൂഹികവും നിയമപരവുമായ പ്രത്യാഘാതങ്ങൾക്കിടയിലും മയക്കുമരുന്നുകളുടെ തുടർച്ചയായ ഉപയോഗമായി സാധാരണയായി നിർവചിക്കപ്പെടുന്നു. ഒരു താത്കാലിക രക്ഷപ്പെടൽ രൂപമായി തുടങ്ങിയത് കൂടുതൽ ഗുരുതരമായ പ്രശ്നങ്ങളിലേക്ക് പെട്ടെന്ന് നയിച്ചേക്കാം. ആസക്തിയുടെ മുന്നറിയിപ്പ് അടയാളങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങുന്ന ഘട്ടമാണിത്: ആസക്തി, മയക്കുമരുന്നിനോടുള്ള ആസക്തി, മയക്കുമരുന്ന് ഉപയോഗിച്ചില്ലെങ്കിൽ വിഷാദം, ക്ഷോഭം, ക്ഷീണം എന്നിവയുടെ ലക്ഷണങ്ങൾ.




## ഘട്ടം 4: മയക്കുമരുന്ന് ആസക്തിയും ആശ്രിതത്വവും

മരുന്നിനോടുള്ള ശാരീരിക ആശ്രിതത്വം പലപ്പോഴും ആസക്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. അവൻ്റെ അല്ലെങ്കിൽ അവളുടെ ബന്ധങ്ങൾ, ശാരീരികവും മാനസികവുമായ ആരോഗ്യം, വ്യക്തിഗത സാമ്പത്തികം, തൊഴിൽ സുരക്ഷ, ക്രിമിനൽ റെക്കോർഡ് എന്നിവയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടായിട്ടും പിൻവലിക്കൽ ലക്ഷണങ്ങളും മയക്കുമരുന്നിൻ്റെ നിർബന്ധിത ഉപയോഗവും ആശ്രിതത്വത്തിൻ്റെയും മയക്കുമരുന്ന് ആസക്തിയുടെയും സവിശേഷതകളിൽ ഉൾപ്പെടുന്നു.


നന്ദി